41742

# കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസം - ഹയർ സെക്കന്ററി വിദ്യാഭ്യാസം - അക്കാദമികം - ശനിയാഴ്ച ഒഴിവാക്കി സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിലെ പ്രവൃത്തി ദിവസങ്ങൾ 5 ആക്കി പുന:ക്രമീകരിച്ച - പുതുക്കിയ ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (യു) വകുപ്പ്

സ.ഉ. (കൈ.) നം.189/2014/പൊവി തീയതി, തിരുവനന്തപുരം 16/09/2014

---

പരാമർശം:- 24/06/2014-ലെ സ.ഉ.(കൈ.) നം.117/14/പൊവി.

## <u>ഉത്തരവ്</u>

കേരളത്തിലെ ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രശ്നങ്ങൾ പഠിച്ച് ശുപാർശ സമർപ്പിക്കുന്നതിനായി സർക്കാർ നിയമിച്ച പ്രൊഫ. പി.ഒ.ജെ. ലബ്ബ അദ്ധ്യക്ഷനായ കമ്മിറ്റിയുടെ ഒന്നാം ഘട്ട ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിലെ പ്രവൃത്തി ദിനങ്ങൾ ശനിയാഴ്ച ഒഴിവാക്കി ആഴ്ചയിൽ അഞ്ച് ദിനമാക്കി പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം പുന:ക്രമീകരിച്ച് ഉത്തരവാകുകയുണ്ടായി. ശനിയാഴ്ച നഷ്ടപ്പെടുന്ന സമയം മറ്റ് ദിവസങ്ങളിൽ ക്രമീകരിക്കുന്നതിനായി തിങ്കൾ മുതൽ വെള്ളിവരെയുള്ള അഞ്ച് ദിവസങ്ങളിൽ രാവിലെ 9.00 മണി മുതൽ വൈകുന്നേരം 4.30 വരെയുള്ള സമയഘടനയിലാണ് മേൽ പരാമർശിച്ച ഉത്തരവ് പ്രകാരം ക്ലാസുകളുടെ സമയദൈർഘ്യം പുന: ക്രമീകരിച്ചത്.

(2) ടി സമയഘടനയിൽ പിരീഡുകൾക്കിടയിലുള്ള ഇടവേളകളും ഉച്ചഭക്ഷണ ഇടവേളയും അപര്യാപ്തമാണെന്നുള്ള വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ഹയർ സെക്കന്ററി സ്കൂളുകളിലെ പ്രവൃത്തി സമയം ഇടവേളകൾ 10 മിനിറ്റ് ആയും ഉച്ച ഭക്ഷണ ഇടവേള തിങ്കൾ മുതൽ വ്യാഴം വരെ 40 മിനിറ്റ് ആയും വെള്ളിയാഴ്ച 95 മിനിറ്റ് ആയും വർദ്ധിപ്പിച്ച് താഴെപറയുന്ന സമയഘടനയോടെ പുന:ക്രമീകരിച്ച് ഉത്തരവാകുന്നു.

Monday to Thursday- 4 days/week

| Period Number | Time | Duration (Minutes) |
|---|---|---|
| 1 | 09.00-09.45 | 45 |
| 2 | 09.45-10.25 | 40 |
| 3 | 10.25-11.05 | 40 |
| Interval | 11.05-11.15 | 10 |
| 4 | 11.15-11.55 | 40 |
| 5 | 11.55-12.35 | 40 |
| Lunch Break | 12.35-01.15 | 40 |
| 6 | 01.15-1.55 | 40 |
| 7 | 01.55-02.35 | 40 |
| 8 | 02.35-03.15 | 40 |
| Interval | 03.15-03.25 | 10 |
| 9 | 03.25-04.00 | 35 |
| 10 | 04.00-04.45 | 45 |

Friday-1 day/week

| Period Number | Time | Duration (Minutes) |
|---|---|---|
| 1 | 09.00-09.55 | 55 |
| 2 | 09.55-10.45 | 50 |
| Interval | 10.45-10.55 | 10 |
| 3 | 10.55-11.40 | 45 |
| 4 | 11.40-12.25 | 45 |
| Lunch Break | 12.25PM-2.00 PM | 95 |
| 5 | 02.00-02.55 | 55 |
| 6 | 02.55-03.45 | 50 |
| Inerval | 03.45-03.55 | 10 |
| 7 | 03.55-04.45 | 50 |

(3) പരാമർശത്തിലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ. എം.ബീന,**
**ഗവൺമെന്റ് സെക്രട്ടറി (ഇൻ ചാർജ്).**

ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, എസ് സി ഇ ആർ ടി, തിരുവനന്തപുരം.
എല്ലാ ഹയർസെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്
(വ്യാപക പ്രചരണത്തിനായി)
ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം (ഗവൺമെന്റ് വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)
പൊതുവിദ്യാഭ്യാസ (റ്റി/എസ് സി/ജി) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

Udayakumar
സെക്ഷൻ ഓഫീസർ.

Endt. No. AcdG/41746/14 Dated 17/9/14

For information and further necessary steps.

17/9/14
Joint Director
(Academic)

To,
The Principals of all Higher Secondary Schools.

DIRECTORATE OF HIGHER SECONDARY ... Thiruvananthapuram Date